പതിമൂന്നാം കേരള നിയമസഭ
അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7176 | 16.07.2012ൽ മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം

ചോദ്യം
ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം
ശ്രീ.പി.കെ.അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ 130 എൻജിനീയറിങ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 22
കൊല്ലം - 14
പത്തനംതിട്ട - 8
ആലപ്പുഴ - 9
കോട്ടയം - 8
ഇടുക്കി - 4
എറണാകുളം - 25
തൃശ്ശൂർ - 14
പാലക്കാട് - 6
മലപ്പുറം - 7
കോഴിക്കോട് - 5
വയനാട് - 0
കണ്ണൂർ - 5
കാസർകോട് - 3

ആകെ — 130

(ബി) വിജയം നാൽപ്പത് ശതമാനത്തിൽ താഴെയുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചു പൂട്ടണമെന്ന ബഹു. ഹൈക്കോടതിയുടെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടി കളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് വ്യക്തമാക്കുമോ;

(ബി) IA.358/2011 in WA. No.2014/2010 - ൻമേലുള്ള 28-06-2012 -ലെ ബഹു.ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കോടതി വിധിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത കോളേജുകൾക്ക് നിലവാരം വർദ്ധിപ്പിക്കുന്നതിനായി നിശ്ചിത സമയം അനുവദിക്കാനും അതിനുള്ളിൽ നിലവാരം ഉയർത്താത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | അടിസ്ഥാന സൌകര്യം, ഫാക്കൽറ്റി എന്നിവയുടെ കാര്യത്തിൽ ശരാശരിയിൽ താഴെ നിലവാരമുള്ള എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നാണ് ഹൈക്കോടതി നിയോഗിച്ച വിദഗ്ധ സമിതി റിപ്പോർട്ട് നൽകിയിട്ടുള്ളത് ; പ്രസ്തുത സ്വാശ്രയ എഞ്ചിനീയ റിംഗ് കോളേജുകൾ ഏതെല്ലാമാണെന്നും ഏത് സർവ്വകലാശാലയുടെ കീഴിലാണെന്നും വ്യക്തമാക്കുമോ; | (സി) | അടിസ്ഥാന സൌകര്യം, ഫാക്കൽറ്റി എന്നിവയുടെ കാര്യത്തിൽ ഗുരുതരമായ ന്യൂനതകളുള്ളതായി വിദഗ്ധ സമിതി റിപ്പോർട്ട് ചെയ്തിട്ടുള്ള ഏഴ് സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഹൈക്കോടതി നിയോഗിച്ച വിദഗ്ധ സമിതി റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക് കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ ശരാശരി, തൃപ്തികരമായ, നല്ല മികച്ച നിലവാരമുള്ളവ എന്നിങ്ങനെ തരം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ; | (ഡി) | ഈ രീതിയിൽ തരം തിരിച്ചുള്ള ഒരു ലിസ്റ്റ് ലഭ്യമല്ല. |
| (ഇ) | ഹൈക്കോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഇ) | നിലവിലുള്ള കർശന വ്യവസ്ഥകൾക്ക് പുറമേ പുതിയ കോളേജുകൾക്ക് എൻ ഒ സി നൽകുന്നതിനു മുൻപായി ഇൻസ്പെക്ഷൻ നടത്തുകയും ആവശ്യമായ ഭൌതികസാഹചര്യങ്ങളും അദ്ധ്യാപകരും ഉണ്ട് എന്നുറപ്പുവരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അദ്ധ്യാപകരിൽ നിന്നും കുറഞ്ഞത് ഒരു വർഷമെങ്കിലും പ്രസ്തുത സ്ഥാപനത്തിൽ പഠിപ്പിച്ചുകൊള്ളാം എന്നുള്ള ഒരു ബോണ്ട് എഴുതി വാങ്ങുന്നതിനും നിഷ്കർഷിക്കുവാൻ തീരുമാനമുണ്ട്. |

സെക്ഷൻ ഓഫീസർ

**List of institutions which have severe deficiencies during inspection**

| *Name of the Colleges* | *Universities* |
|---|---|
| Archana College of Engineering, Nooranad, Alappuzha | University of Kerala |
| Pankaja Kasthuri College of Engineering & Technology, andala, Thiruvananthapuram. | University of Kerala |
| Mount Zion College of Engineering for Women, Alappuzha. | M.G University |
| Malabar College of Engineering, Thrissur | Calicut University |
| M.G. College of Engineering, Thiruvallom, Thiruvananthapuram. | Cochin University of Science & Technology |
| Malabar Institute of Technology, Anjarakandi, Kannur. | Kannur University |
| Al-Azhar College of Engineering and Technology, Thodupuzha. | M.G University |